DESPATCHED
On. 11.06.2020

30/04/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.355(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1241/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എൻ.എം. മാത്യുക്കുട്ടി,
നടുവിലേടത്ത് വീട്,
വെങ്ങല്ലൂർ പി.ഒ., തൊടുപുഴ,
ഇടുക്കി – 685 608. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സി–സ്റ്റെഡ് ഡയറക്ടറേറ്റ്,
   പുതിയറ പി.ഒ.,
   കോഴിക്കോട് – 04.

2. അപ്പീൽ അധികാരി,
   സി–സ്റ്റെഡ് ഡയറക്ടറേറ്റ്,
   പുതിയറ പി.ഒ.,
   കോഴിക്കോട് – 04.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/10/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19/03/2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07/12/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 31/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 06/02/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30/1/2020, 19/03/2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി – 19/3/2020 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എൻ.എം.മാത്യുക്കുട്ടി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ

അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ആയതുപ്രകാരവും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. സി-സ്റ്റെഡ് ഇടുക്കി ജില്ലാ ഓഫീസ് മേധാവി ഉൾപ്പെടെയുള്ള ജീവനക്കാർ 1.1.2014 മുതൽ 3.9.2017 വരെ ഹാജർ രേഖപ്പെടുത്തിയ അറ്റൻഡൻസ് രജിസ്റ്ററിന്റെ/മസ്റ്റർ റോളിന്റെ പകർപ്പുകൾ നൽകണമെന്നും

ii. സി-സ്റ്റെഡ് ഡയറക്ടറുടെ പേരിൽ നിലവിലുള്ള ബാങ്ക് ഡെപ്പോസിറ്റുകളുടെ അക്കൗണ്ട് നമ്പറുകളും ഓരോ അക്കൗണ്ടിലുമുള്ള തുകകളും ബാങ്കുകളുടെ പേരുകൾ സഹിതം നൽകണമെന്നും

iii. കേരളത്തിലെ 14 ജില്ലകളിലുമുള്ള സി-സ്റ്റെഡ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പേരിൽ നിലവിലുള്ള വിവിധ ബാങ്ക് ഡിപ്പോസിറ്റുകളുടെ അക്കൗണ്ട് നമ്പറുകളും ഓരോ ബാങ്ക് അക്കൗണ്ടിലുമുള്ള തുകകളും ബാങ്കുകളുടെ പേരുകൾ സഹിതം നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷ രജിസ്റ്റേർഡ് തപാലിൽ അയച്ചു എങ്കിലും നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, മേൽപ്പടി സ്ഥാപനത്തിൽ 2016 ഒക്ടോബർ മുതൽ ശമ്പളമൊന്നും കൊടുത്തിരുന്നില്ല എന്നും അതിനാൽ ആ സമയം മുതൽ ആരും ജോലിക്കായി ഹാജരായിട്ടില്ല എന്നും മറ്റുമാണ്.

4. അപ്പീൽ ഹരജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാമർശിത സ്ഥാപനം 2016 മുതൽ പ്രവർത്തിക്കാത്ത അവസ്ഥയിലാണെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും കാണുന്നു. അത്തരം സാഹചര്യത്തിൽ ഫലപ്രദമായ എന്തെങ്കിലും നിർദ്ദേശം ഈ അപ്പീൽ ഹർജിയിൽ പുറപ്പെടുവിക്കുവാൻ നിർവ്വാഹമില്ല എന്നറിയിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM